**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(സാന്നിദ്ധ്യം – ജാഫർ മലിക് ഐഎഎസ്)**

**തിരുവനന്തപുരം**

**ഉത്തരവ് നമ്പർ ഇ9/23153/17** **തീയതി 14/05/2019**

വിഷയം :- സാമൂഹ്യനീതി വകുപ്പ് –ജീവനക്കാര്യം – 01-01-2001 മുതൽ 13-12-2010 വരെ സർവ്വീസിൽ പ്രവേശിച്ച ഓഫീസ് അറ്റൻഡന്റ്/ വാച്ച് മാൻ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് – ജീവനക്കാരെ ഉൾപ്പെടുത്തുന്നത് - കരട് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സർക്കാർ ഉത്തരവ് നമ്പർ 305/84/ജി.എ.ഡി തീയതി 31/8/1984

2. സാമൂഹ്യനീതി ഡയറക്ടറുടെ 29/10/2015 ലെ ഇ9/18660/15 നമ്പർ നടപടിക്രമങ്ങൾ
3. അഞ്ചാലുമ്മൂട് ശിശുവികസന പദ്ധതി ഓഫീസറുടെ 12/4/2017 ലെ ICDS/AMD/A1/214/17 നമ്പർ കത്ത്
4. മൂവാറ്റുപുഴ പ്രൊബേഷൻ ഓഫീസറുടെ 04/04/2017 ലെ DPO/MVPA/90/14 നമ്പർ കത്ത്
5. ഹരിപ്പാട് ശിശു വികസന പദ്ധതി ഓഫീസറുടെ 27-3-2017 ലെ ICDS/HPD/143/17 നമ്പർ കത്ത്
6. തിരൂർ ശിശുവികസന പദ്ധതി ഓഫീസറുടെ 24-3-2017 ലെ 62/17 നമ്പർ കത്ത്
7. സർക്കാർ കത്ത് നമ്പർ എ2/166/2018/സാനീവ തീയതി 03/12/2018

സാമൂഹ്യനീതി വകുപ്പിൽ 01/01/2001 മുതൽ 13/12/2010 വരെ പി.എസ്.സി യുടെ നിയമന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡർ തസ്തികയിൽ നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ചവരുടെയും, വാച്ച്മാൻ/ വാച്ച് വുമൺ തസ്തികയിൽ നിന്നും തസ്തികമാറ്റം മുഖേന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തസ്തികമാറ്റം അനുവദിക്കപ്പെട്ട ജീവനക്കാരുടെയും അന്തിമ സീനിയോറിട്ടി ലിസ്റ്റ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത കാലയളവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ചുവടെപറയുന്ന ജീവനക്കാർ ടി സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന ആക്ഷേപം പരാമർശം (3) മുതൽ (6) വരെയുള്ള കത്തുകൾ പ്രകാരം ലഭ്യമായിട്ടുണ്ട്.

i) ശ്രീ.വി.സന്തോഷ് കുമാർ,
ഓഫീസ് അറ്റൻഡന്റ്, ഐസിഡിഎസ് പ്രോജക്ട് ഓഫീസ്, അഞ്ചാലുമ്മൂട്

ii) ശ്രീ.ഒ.എൻ മണിയൻ,
ഓഫീസ് അറ്റൻഡന്റ് (റിട്ട), പ്രൊബേഷൻ ഓഫീസ്, മൂവാറ്റുപുഴ

iii) ശ്രീ.എം.കെ.ജനാർദ്ദനൻ,
ഓഫീസ് അറ്റൻഡന്റ്, ഐസിഡിഎസ് പ്രോജക്ട് ഓഫീസ്, ഹരിപ്പാട്

iv) ശ്രീ.ജെ.മഹാദേവൻ നായർ,
ഓഫീസ് അറ്റൻഡന്റ്, ഐസിഡിഎസ് പ്രോജക്ട് ഓഫീസ്, തിരൂർ

2. പരാമർശം (2) ലെ ഉത്തരവ് പുറപ്പെടുവിച്ച് വർഷങ്ങൾക്ക ശേഷമാണ് ജീവനക്കാർ സീനിയോറിട്ടി ലിസ്റ്റിൻമേൽ ആക്ഷേപം ഉന്നയിച്ചിട്ടുള്ളത് എന്നതിനാൽ സർക്കാർ തലത്തിൽ ഇക്കാര്യം പരിശോധിക്കുകയും മേൽപരാമർശിച്ച നാല് ജീവനക്കാരുടെയും സർവ്വീസ് വിശദാംശങ്ങൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തി , ടി ജീവനക്കാർക്ക് അർഹമായ സ്ഥാനം നൽകി പരാമർശം (2) ലെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് പുന ക്രമീകരിക്കുന്നതിനുള്ള അനുമതി പരാമർശം (7) പ്രകാരം നൽകിയിട്ടുണ്ട്.

3. മേൽ സാഹചര്യങ്ങളിൽ മേൽ പ്രസ്താവിച്ച നാല് ജീവനക്കാരും സമർപ്പിച്ച അപേക്ഷകൾ സേവനപുസ്തകം ഉൾപ്പെടെയുള്ള സർവ്വീസ് രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിയ്ക്കുകയുണ്ടായി.

i. ശ്രീ.വി.സന്തോഷ് കുമാർ - വാച്ച്മാൻ തസ്തികയിൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച് സേവനമനുഷ്ഠിച്ചുവരവെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 19/01/2001 ലെ ഇ6/5027/2000(1) നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതിനാൽ ഉത്തരവ് തീയതി അടിസ്ഥാനമാക്കി പരാമർശം (2) ലെ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം 1 ആയ ശ്രീമതി വി.എസ്.ഷൈലജയ്ക്കും ക്രമ നം. 2 ആയ ശ്രീമതി ഒ.മണിയ്ക്കും ഇടയിലായി ക്രമ നം. 1(എ) ആയി ഉൾപ്പെടുവാൻ അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ii. ശ്രീ.ഒ.എൻ മണിയൻ - വാച്ച്മാൻ തസ്തികയിൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച് സേവനമനുഷ്ഠിച്ചുവരവെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 19/01/2001 ലെ ഇ6/5027/2000(1) നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതിനാൽ ഉത്തരവ് തീയതി അടിസ്ഥാനമാക്കി പരാമർശം (2) ലെ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം 1 ആയ ശ്രീമതി വി.എസ്.ഷൈലജയ്ക്കും ക്രമ നം. 2 ആയ ശ്രീമതി ഒ.മണിയ്ക്കും ഇടയിലായി ക്രമ നം. 1(എ) ആയി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ള ശ്രീ വി.സന്തോഷ് കുമാറിന് താഴെയായി ക്രമ നം. 1(ബി) ആയി ഉൾപ്പെടുവാൻ അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

iii). ശ്രീ.എം.കെ.ജനാർദ്ദനൻ - വാച്ച്മാൻ തസ്തികയിൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച് സേവനമനുഷ്ഠിച്ചുവരവെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 17/01/2004 ലെ ഇ6/3986/03 നമ്പർ

ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതിനാൽ ഉത്തരവ് തീയതി അടിസ്ഥാനമാക്കി പരാമർശം (2) ലെ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം 52 ശ്രീ.റ്റി.റ്റി പ്രകാശനും ക്രമ നം. 53 ശ്രീ.ജി.സദാശിവനും ഇടയിലായി ക്രമ നം. 52(എ) ആയി ഉൾപ്പെടുവാൻ അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

iv. ശ്രീ.ജെ.മഹാദേവൻ നായർ - വാച്ച്മാൻ തസ്തികയിൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച് സേവനമനുഷ്ഠിച്ചുവരവെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 21/5/2004 ലെ ഇ6/53/04 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതിനാൽ ഉത്തരവ് തീയതി അടിസ്ഥാനമാക്കി പരാമർശം (2) ലെ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം 66 ശ്രീ.ഹരീഷ് കുമാർ.എ യ്ക്കും ക്രമ നം.67 ശ്രീമതി എം.ആർ ഗീതയ്ക്കും ഇടയിലായി ക്രമ നം. 66 (എ) ആയി ഉൾപ്പെടുവാൻ അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ ശ്രീ.വി.സന്തോഷ് കുമാർ, ശ്രീ.ഒ.എൻ മണിയർ, ശ്രീ.എം.കെ.ജനാർദ്ദനൻ നായർ, ശ്രീ ജെ.മഹാദേവൻ നായർ എന്നീ നാല് ജീവനക്കാരെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച തീയതി അടിസ്ഥാനപ്പെടുത്തി അർഹതാവിധേയമായി പരാമർശം (2) ലെ സീനിയോറിട്ടി ലിസ്റ്റിൽ യഥാക്രമം ക്രമ നം. 1(എ), 1(ബി), 52(എ), 66(എ) എന്നീ സ്ഥാനങ്ങളിൽ താൽക്കാലികമായി ഉൾപ്പെടുത്തി ചുവടെചേർക്കും പ്രകാരം പരാമർശം (2) ഉത്തരവ് ഭേദഗതി വരുത്തി കരട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | നിയമന നിർദ്ദേശ നമ്പരും തീയതിയും | ഈ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയ ഉത്തരവു നമ്പരും തീയതിയും | ഈ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രവേശിച്ച തീയതി | അഭി പ്രായം |
|---|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | | |
| 1(എ) | ശ്രീ.വി സന്തോഷ് കുമാർ (PEN No. 212200) | 30/5/1970 | B Com | ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) | QR I(3) 101/97 (5) തീയതി 18/7/97, പി.എസ്.സി കൊല്ലം | ഇ6/5027/2000(1) തീയതി 19/01/2001 | 05/6/2001 | |
| 1 (ബി) | ശ്രീ.ഒ.എൻ മണിയൻ (PEN No. 212954) (31/10/2016 ൽ വിരമിച്ചു.) | 13/10/1960 | SSLC | | E2(3) 2859/96 തീയതി 25/9/2000 പി.എസ്.സി എറണാകുളം | ഇ6/5027/2000(1) തീയതി 19/01/2001 | 03/7/2002 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 52 (എ) | ശ്രീ.എം.കെ ജനാർദ്ദനൻ (PEN No. 213553) | 1/4/1964 | SSLC | | MR (II) (2) 1802/96 (15) തീയതി 15/9/2000 പി.എസ്.സി മലപ്പുറം | ഇ6/3986/03 തീയതി 17/01/2004 | 04/2/2004 | |
| 66 (എ) | ശ്രീ.ജെ മഹാദേവൻ നായർ (PEN No. 212364) | 14/5/1971 | SSLC | | A1-(2)2348/ 96 തീയതി 01/11/2000 പിഎസ് സി ആലപ്പുഴ | ഇ6/53/04 ഡിഎസ് ഡബ്ല്യൂ തീയതി 21/05/2004 | 16/6/2004 | |

5. ഈ കരട് ഉത്തരവിൻമേൽ ആക്ഷേപം/പരാതിയുള്ള പരാമർശം (2) ലെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ ഈ ഉത്തരവ് തീയതി മുതൽ 14 ദിവസത്തിനകം ആധികാരികമായ രേഖകൾ സഹിതം കാര്യാലയമേധാവി മുഖേന ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്(കാര്യാലയമേധാവി മുഖേന)

പകർപ്പ്

1. എല്ലാ കാര്യാലയമേധാവികൾക്കും
2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ഇ4 സീറ്റ്
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്